(സി) വാട്ടർ അതോറിറ്റിയുടെ ബഡ്ജറ്റിൽ കമ്മീഷൻ ചെയ്ത പദ്ധതികളുടെ പ്രവർത്തന ചെലവ് വഹിക്കുന്നതിനായി ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ചാർജ് എന്ന ഹെഡ്ഡിൽ വകയിരുത്തിയട്ടുള്ള തുക ഉപയോഗിക്കുന്നു.

(ഡി) കേരള വാട്ടർ അതോറിറ്റി മുഖാന്തിരം നടപ്പാക്കി വരുന്ന പദ്ധതികളുടെ പ്രവർത്തന ചെലവ് അതോറിറ്റി തന്നെ വഹിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തുകൾക്കു കൈമാറിക്കഴിഞ്ഞ ചെറുകിട ജലവിതരണ പദ്ധതികളെ സംബന്ധിച്ചിടത്തോളം പദ്ധതികൾ ഏറ്റെടുത്തതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത സർക്കാരിൽ നിന്നും ലഭിക്കണമെന്ന ആവശ്യം ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഉന്നയിച്ചിട്ടുള്ളത് സർക്കാർ പരിശോധിച്ചുവരുന്നു.

വരൾച്ച നേരിടാൻ വാട്ടർ അതോറിറ്റി സമർപ്പിച്ച പദ്ധതി

70 [1048] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ വരൾച്ച നേരിടുവാൻ വാട്ടർ അതോറിറ്റി എന്തു തുകയുടെ പദ്ധതിക്കാണ് അനുമതി നൽകിയത്; അതിൽ ഗവൺമെന്റ് നൽകിയ തുകയെത്ര; ഇതിനോടകം എത്ര തുക വാട്ടർ അതോറിറ്റിക്ക് നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തു തുകയുടെ ജോലികൾ വാട്ടർ അതോറിറ്റി നടപ്പിലാക്കി;

(സി) ഈ വർഷം വരൾച്ച നേരിടുവാൻ വാട്ടർ അതോറിറ്റി എത്ര കോടി രൂപയുടെ പദ്ധതിയാണ് അനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കഴിഞ്ഞ വർഷത്തെ (2003-ലെ) വരൾച്ച നേരിടുവാൻ ജില്ലാ കളക്ടർമാരുടെ ഫണ്ടിൽ നിന്നു ലഭിച്ച 183 ലക്ഷം രൂപയ്ക്കുള്ള പദ്ധതികൾക്കാണ് അനുമതി നൽകിയത്. 179 ലക്ഷം രൂപ കളക്ടർമാർ കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി) 160.04 ലക്ഷം രൂയ്ക്കുള്ള ജോലികൾ വാട്ടർ അതോറിറ്റി നടപ്പാക്കി.

(സി) 2004-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 74.65 കോടി രൂപയ്ക്കുള്ള കുടിവെള്ള പദ്ധതിയാണ് വാട്ടർ അതോറിറ്റി സർക്കാരിന് സമർപ്പിച്ചിരുന്നത്. ഇതിൽ 37.94 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് കളക്ടർമാർ ഭരണാനുമതി നൽകി. കൂടാതെ കേന്ദ്ര സർക്കാർ അനുവദിച്ച 7.71 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് വാട്ടർ അതോറിറ്റി അനുമതി നൽകുകയുണ്ടായി. ഈ പദ്ധതികൾ യുദ്ധകാല അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ ഇപ്പോൾ കേന്ദ്ര സർക്കാർ അനുവദിച്ച 2.80 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly